**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **22-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സുരക്ഷാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തെ തുടർന്ന് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്തിയോയെന്നും ഇതിനെ തുടർന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തെ തുടർന്ന് മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ച സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു. 1. ആശുപത്രിയിലേക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ രേഖ കൈയിൽ കരുതേണ്ടതാണ്. സെക്യൂരിറ്റി ജീവനക്കാർ ആവശ്യപ്പെട്ടാൽ കാണിച്ചു ബോദ്ധ്യപ്പെടുത്തുകയും വേണം. 2. വാർഡുകളിൽ അഡ്മിറ്റാകുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് അനുവദിക്കുന്ന പാസ്സ് കൂട്ടിരിപ്പുകാർ കൈയിൽ കരുതണം. പാസ്സില്ലാതെ വരുന്ന കൂട്ടിരിപ്പുകാരെ ഒരുകാരണവശാലും ആശുപത്രിയിലേയ്ക്ക് പ്രവേശിപ്പിക്കരുത്. 3. ഒരു രോഗിയുടെ കൂടെ ഒരു ബൈസ്റ്റാൻഡറെ മാത്രമേ അനുവദിക്കുകയുള്ളൂ. വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ എന്നിവർ രേഖാമൂലമോ ടെലിഫോണിലൂടെയോ ആവശ്യപ്പെടുന്നപക്ഷം മാത്രമേ അധിക ബൈസ്റ്റാൻഡറെ അനുവദിക്കുകയുള്ളൂ. 4. പ്രസവ വാർഡിൽ 24 മണിക്കൂറും സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ഉറപ്പാക്കണം. വാർഡിലേയ്ക്കുള്ള പ്രവേശനകവാടത്തിൽ സി.സി.ടി.വി സ്ഥാപിക്കണം. 5. പ്രസവ വാർഡിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടെയും തിരിച്ചറിയൽ രേഖ പരിശോധിച്ച് വ്യക്തിയെ തിരിച്ചറിഞ്ഞുവെന്ന് സെക്യൂരിറ്റി ജീവനക്കാരന് ബോദ്ധ്യം ഉണ്ടാവണം. ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ വാർഡിലെ ഉത്തരവാദപ്പെട്ടവരോട് സംസാരിച്ച് സംശയം ദൂരീകരിക്കേണ്ടതാണ്. ഈ വിവരം സെക്യൂരിറ്റി ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. 6. |

നവജാതശിശുവിനെ മാത്രം ചികിത്സയ്ക്കായി അമ്മയുടെ കൈയിൽ നിന്നും ഉത്തരവാദപ്പെട്ടവർ വാങ്ങിക്കൊണ്ടു പോകുമ്പോൾ ബൈസ്റ്റാൻഡർ കൂടെ അനുഗമിക്കേണ്ടതാണ്. 7. പ്രസവ വാർഡിൽ അസാധാരണമായി എന്തെങ്കിലും രോഗിയുടെയോ ബൈസ്റ്റാൻഡറുടെയോ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആ വിവരം വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ എന്നിവരെ അറിയിക്കേണ്ടതാണ്. 8. ഇത്തരം തട്ടിപ്പുകാർക്കെതിരെ ജാഗരൂഗരായിരിക്കാൻ രോഗിയേയും കൂട്ടിരിപ്പകാരെയും ബോധവൽക്കരിക്കുന്ന ബോർഡുകൾ വാർഡിലും പുറത്തും സ്ഥാപിക്കേണ്ടതാണ്. 9. ആശുപത്രിയുടെ കവാടത്തിൽ സഹായകവാടവും അന്വേഷണ കൗണ്ടറും സ്ഥാപിക്കേണ്ടതാണ്. 10. പ്രീപെയ്ഡ് ആംബുലൻസ് കൗണ്ടർ സ്ഥാപിക്കേണ്ടതാണ്. 11. രോഗികളെ ഡിസ്ചാർജ് ചെയ്യുമ്പോൾ ഐ.പി ബുക്കിൽ ഡിസ്ചാർജ് സീൽ പതിച്ച് പാസ്സ് തിരികെ വാങ്ങേണ്ടതാണ്. 12. ഡ്യൂട്ടി സർജന്റിന്റെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കേണ്ടതാണ്. ആരോഗ്യ പ്രവർത്തകർക്കെതിരെ അക്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 12.08.2021 ലെ സ.ഉ (സാധാ) നം.1735/2021/ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും താഴെപ്പറയുന്ന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. 1. എല്ലാ സർക്കാർ ആശുപത്രികളിലും, സി സി ടി വി സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ആദ്യഘട്ടത്തിൽ താലൂക്ക് ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം, ഒ.പി വിഭാഗം എന്നിവിടങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുക. പോലീസ് എയിഡ് പോസ്റ്റ് ഉള്ള ആശുപത്രികളിൽ പോലീസിന് ദൃശ്യങ്ങൾ നിരീക്ഷിക്കുവാനുള്ള സൗകര്യവും ക്യാമറകളുടെ ശരിയായ പ്രവർത്തനവും ഉറപ്പുവരുത്തുക. 2. സ്ഥാപന തലത്തിൽ സെക്യൂരിറ്റി ഇൻ ചാർജ് ഓഫീസറെ ആശുപത്രി സൂപ്രണ്ട് നാമനിർദേശം ചെയ്യേണ്ടതാണ്. 3. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റ ജീവനക്കാർക്കും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ഏകോപനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് പരിശീലനം നൽകേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥരുടെ എല്ലാ നിയമനങ്ങളും എക്സ്-സർവീസ്മെൻ സൊസൈറ്റി/ സംഘടനകളിൽ നിന്നും നടത്തേണ്ടതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി/ആശുപത്രി വികസന

| | | | |
|---|---|---|---|
| | | | സമിതി/ ആശുപത്രി വികസന സൊസൈറ്റി എന്നിവ മുഖേന സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ വിമുക്ത ഭടൻമാരെ നിയമിക്കേണ്ടതാണ്. |
| (ബി) | സർക്കാർ ആശുപത്രികളിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തെ തുടർന്ന് മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ച സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു. 1. ആശുപത്രിയിലേക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ രേഖ കൈയിൽ കരുതേണ്ടതാണ്. സെക്യൂരിറ്റി ജീവനക്കാർ ആവശ്യപ്പെട്ടാൽ കാണിച്ച ബോദ്ധ്യപ്പെടുത്തുകയും വേണം. 2. വാർഡുകളിൽ അഡ്മിറ്റാകുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് അനുവദിക്കുന്ന പാസ്സ് കൂട്ടിരിപ്പുകാർ കൈയിൽ കരുതണം. പാസ്സില്ലാതെ വരുന്ന കൂട്ടിരിപ്പുകാരെ ഒരുകാരണവശാലും ആശുപത്രിയിലേയ്ക്ക് പ്രവേശിപ്പിക്കരുത്. 3. ഒരു രോഗിയുടെ കൂടെ ഒരു ബൈസ്റ്റാൻഡറെ മാത്രമേ അനുവദിക്കുകയുള്ളു. വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ എന്നിവർ രേഖാമൂലമോ ടെലിഫോണിലൂടെയോ ആവശ്യപ്പെടുന്നപക്ഷം മാത്രമേ അധിക ബൈസ്റ്റാൻഡറെ അനുവദിക്കുകയുള്ളു. 4. പ്രസവ വാർഡിൽ 24 മണിക്കൂറും സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ഉറപ്പാക്കണം. വാർഡിലേയ്ക്കുള്ള പ്രവേശനകവാടത്തിൽ സി.സി.ടി.വി സ്ഥാപിക്കണം. 5. പ്രസവ വാർഡിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടെയും തിരിച്ചറിയൽ രേഖ പരിശോധിച്ച് വ്യക്തിയെ തിരിച്ചറിഞ്ഞുവെന്ന് സെക്യൂരിറ്റി ജീവനക്കാരന് ബോദ്ധ്യം ഉണ്ടാവണം. ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ വാർഡിലെ ഉത്തരവാദപ്പെട്ടവരോട് സംസാരിച്ച് സംശയം ദൂരീകരിക്കേണ്ടതാണ്. ഈ വിവരം സെക്യൂരിറ്റി ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. 6. നവജാതശിശുവിനെ മാത്രം ചികിത്സയ്ക്കായി അമ്മയുടെ കൈയിൽ നിന്നും ഉത്തരവാദപ്പെട്ടവർ വാങ്ങിക്കൊണ്ടു പോകുമ്പോൾ ബൈസ്റ്റാൻഡർ കൂടെ അനുഗമിക്കേണ്ടതാണ്. 7. പ്രസവ വാർഡിൽ അസാധാരണമായി എന്തെങ്കിലും രോഗിയുടെയോ ബൈസ്റ്റാൻഡറുടെയോ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആ വിവരം വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ എന്നിവരെ അറിയിക്കേണ്ടതാണ്. 8. ഇത്തരം തട്ടിപ്പുകാർക്കെതിരെ ജാഗരൂഗരായിരിക്കാൻ |

| | | | |
|---|---|---|---|
| | | | രോഗിയേയും കൂട്ടിരിപ്പുകാരെയും ബോധവൽക്കരിക്കുന്ന ബോർഡുകൾ വാർഡിലും പുറത്തും സ്ഥാപിക്കേണ്ടതാണ്. 9. ആശുപത്രിയുടെ കവാടത്തിൽ സഹായകവാടവും അന്വേഷണ കൗണ്ടറും സ്ഥാപിക്കേണ്ടതാണ്. 10. പ്രീപെയ്ഡ് ആംബുലൻസ് കൗണ്ടർ സ്ഥാപിക്കേണ്ടതാണ്. 11. രോഗികളെ ഡിസ്ചാർജ് ചെയ്യുമ്പോൾ ഐ.പി ബുക്കിൽ ഡിസ്ചാർജ് സീൽ പതിച്ച് പാസ്സ് തിരികെ വാങ്ങേണ്ടതാണ്. 12. ഡ്യൂട്ടി സർജന്റിന്റെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കേണ്ടതാണ്. ആരോഗ്യ പ്രവർത്തകർക്കെതിരെ അക്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 12.08.2021 ലെ സ.ഉ (സാധാ) നം.1735/2021/ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും താഴെപ്പറയുന്ന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. 1. എല്ലാ സർക്കാർ ആശുപത്രികളിലും, സി സി ടി വി സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ആദ്യഘട്ടത്തിൽ താലൂക്ക് ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം, ഒ.പി വിഭാഗം എന്നിവിടങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുക. പോലീസ് എയിഡ് പോസ്റ്റ് ഉള്ള ആശുപത്രികളിൽ പോലീസിന് ദൃശ്യങ്ങൾ നിരീക്ഷിക്കുവാനുള്ള സൗകര്യവും ക്യാമറകളുടെ ശരിയായ പ്രവർത്തനവും ഉറപ്പുവരുത്തുക. 2. സ്ഥാപന തലത്തിൽ സെക്യൂരിറ്റി ഇൻ ചാർജ് ഓഫീസറെ ആശുപത്രി സൂപ്രണ്ട് നാമനിർദേശം ചെയ്യേണ്ടതാണ്. 3. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റ ജീവനക്കാർക്കും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ഏകോപനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് പരിശീലനം നൽകേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥരുടെ എല്ലാ നിയമനങ്ങളും എക്സ്-സർവീസ്മെൻ സൊസൈറ്റി/ സംഘടനകളിൽ നിന്നും നടത്തേണ്ടതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി/ആശുപത്രി വികസന സമിതി/ ആശുപത്രി വികസന സൊസൈറ്റി എന്നിവ മുഖേന സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ വിമുക്ത ഭടൻമാരെ നിയമിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ